എൻ.പി.എ. നിലവാരം 20%-ത്തിന് മുകളിൽ ആയതിനാൽ മറ്റ് കാർഷിക കാർഷികാനുബന്ധമായ ആവശ്യങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന് 6.5% നിരക്കിലാണ് നബാർഡ് വായ്പ നൽകുന്നത്.	50,001 രൂപ മുതൽ 2,00,000 രൂപ വരെ 6.25% 2,00,000-ത്തിന് മുകളിൽ 6.75%

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് നബാർഡ് വായ്പ 6.25% പലിശയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുന്നു. ജില്ലാ ബാങ്കുകൾ പ്രാഥമിക ബാങ്കുകൾക്ക് 6.75% പലിശയ്ക്കും, പ്രാഥമിക ബാങ്കുകൾ കർഷകർക്ക് 25,000 രൂപ വരെയുള്ള തുകയ്ക്ക് 8.5% പലിശയ്ക്കും അതിനുമുകളിലുള്ള തുകയ്ക്ക് 9% പലിശയ്ക്കുമാണ് നൽകുന്നത്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നബാർഡിൽ നിന്നും ലഭിക്കുന്ന വായ്പ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴിയാണ് കർഷകർക്ക് വായ്പയായി നൽകുന്നത്. ആയതിന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രാഥമിക ബാങ്കിൽ നിന്ന് ഈടാക്കുന്നതും പ്രാഥമിക ബാങ്ക് കർഷകരിൽ നിന്ന് ഈടാക്കുന്നതുമായ പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

വായ്പ തുക	കേന്ദ്ര ബാങ്ക് ഈടാക്കുന്ന പലിശ	പ്രാഥമിക ബാങ്ക് ഈടാക്കുന്ന പലിശ
25,000 രൂപ വരെ	7%	8.5%
25,001 രൂപ മുതൽ 50,000 രൂപ വരെ	7%	9%
50,001 രൂപ മുതൽ 2,00,000 രൂപ വരെ	7.5%	10%
2,00,000 രൂപയ്ക്ക് മുകളിൽ	8.25%	11%
ഭൂവികാസം, ജലസേചനം എന്നിവയ്ക്ക് 2,00,000 രൂപയ്ക്ക് മുകളിൽ	7.75%	10%

(സി) ഇപ്പോൾ ഓരോ ഘട്ടത്തിലും കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്.

നീതി പാചക വാതകത്തിന്റെ വില

118. [575] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യപ്പെടുന്ന നീതി പാചക വാതകത്തിന്റെ വില അമിതമായി ഉയർന്നിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീതി പാചക വാതകത്തിന് ഇപ്പോൾ ഈടാക്കിവരുന്ന വില എത്ര യെന്നും എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തൊട്ടാകെ നീതി ഗ്യാസിന് എത്ര ഉപഭോക്താക്കളാണ് ഉള്ളത്;

(ഡി) നീതി ഗ്യാസിന്റെ വില സർക്കാർ ഉടമസ്ഥതയിലുള്ള പാചകവാതക ത്തിന്റെ വിലയ്ക്ക് തുല്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിലിണ്ടർ ഒന്നിന് 399 രൂപ 65 പൈസ. 99 രൂപ 65 പൈസയുടെ വർദ്ധ നവാണ് ഉണ്ടായിട്ടുള്ളത്.

(സി) നിലവിൽ 65,000

(ഡി) കേന്ദ്ര പൂളിൽ നിന്ന് സബ്സിഡി ലഭിച്ചാൽ മാത്രമേ നീതി ഗ്യാസിന്റെ വില സർക്കാർ ഉടമസ്ഥതയിലുള്ള പാചകവാതക വിലയ്ക്ക് തുല്യമാക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

വിഴിഞ്ഞം തുറമുഖ നിർമ്മാണം

119 [576] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി രൂപരേഖ തയ്യാറാക്കാൻ ആദ്യമായി തീരുമാനമെടുത്തത് എന്നായിരുന്നു;

(സി) ഏതെല്ലാം ഘട്ടത്തിൽ ഏതെല്ലാം നിലയിലുള്ള പഠനങ്ങൾ നടത്തുകയുണ്ടായി:

(ഡി) വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം മന്ത്രിമാരും ഉദ്യോഗസ്ഥരും ഏതെല്ലാം തീയതികളിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ പോയിട്ടുണ്ടെന്നും ഏതെല്ലാം സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുകയുണ്ടായിട്ടു ണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ താഴെ വിവരിക്കുന്നു:

1. പ്രസ്തുത പദ്ധതി ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly